**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **26-07-2021 - ൽ മറുപടിയ്ക്ക്**

**കളൻതോട് - കുളിമാട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയ കളൻതോട് - കുളിമാട് റോഡിന്റെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ച് പോയതിനാൽ മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പുന:രാരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി പുന:രാരംഭിക്കാൻ പുതുക്കിയ എസ്റ്റിമേറ്റിൽ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം ചില നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നൽകിയ ഡി.പി.ആർ കിഫ്ബിയിൽ പരിശോധനയിലാണ്. |
| (സി) | പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (സി) | പ്രവൃത്തി പുനരാരംഭിക്കുന്നതിന് വീതി കുറഞ്ഞ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതും മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ട്. |
| (ഡി) | റോഡ് പാതിവഴിയിൽ ഉപേക്ഷിച്ചു പോയതിനാൽ പൊതുജനങ്ങൾക്കുള്ള പ്രയാസം പരിഗണിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ